(ബി) സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഏതെങ്കിലും ജില്ലയിൽ തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള തായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സർക്കാർ അച്ചടിച്ചതാണോ;

(ഇ) ഏതെങ്കിലും യൂണിയന്റെ പേരിൽ അച്ചടിച്ച തിരിച്ചറിയൽ കാർഡിൽ ജില്ലാ വകുപ്പ് മേധാവി ഒപ്പിട്ട് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതു നിയമവിധേയമാണോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(എഫ്) സംഘത്തിൽ വർഷങ്ങളായി പ്രവർത്തിക്കുന്നവരുടെ പേര് ഒഴിവാക്കിയിട്ട് പുതിയ പേര് ലിസ്റ്റിൽ ചേർക്കുന്നു എന്ന് പരാതി ലഭിച്ചി ട്ടുണ്ടോ;

(ജി) എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; പരാതിയ്ക്ക് പരിഹാരം കണ്ടിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹിളാ സ്വസ്ത് സംഘങ്ങൾവഴി സംസ്ഥാനത്ത് തിരഞ്ഞെടു ക്കപ്പെട്ട 15 സാമൂഹ്യസംഘടന തല്പരരായ വനിതാപൊതുപ്രവർത്തകർ അട ങ്ങിയ 3420 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഔദ്യോഗികമായി തിരിച്ചറിയൽ കാർഡ് നൽകാൻ ഉത്തരവ് നൽകിയിട്ടില്ല.

(സി) ഒരു ജില്ലയിൽ തിരിച്ചറിയൽ കാർഡ് നൽകിയതായി വിവരം ലഭിച്ചിട്ടുണ്ട്.

(ഡി) അല്ല.

(ഇ) ഉണ്ട്. ഇത് നിയമ വിധേയമല്ലാത്തതിനാൽ ജില്ലാ വകുപ്പ് മേധാ വിയോട് വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ട്. അതിൻമേൽ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) ഉണ്ട്.

(ജി)&(എച്ച്) പരാതിക്ക് പരിഹാരം കാണാനുള്ള നടപടികൾ സ്വീക രിച്ചു വരികയാണ്.

മരുന്ന് വാങ്ങുന്നതിന് നിലവിലുള്ള സംവിധാനം

150(3079)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുവാങ്ങുന്നതിന് നിലവിലുള്ള സംവിധാനം മാറ്റാൻ ഉദ്ദേ ശിക്കുന്നുണ്ടോ; എങ്കിൽ എന്താണ് പുതിയ സംവിധാനമെന്ന് വ്യക്തമാ ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മരുന്നു വാങ്ങുന്നതിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഗുണനിലവാരം കുറഞ്ഞ മരുന്നുകളും മറ്റും വാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ എന്തുമാത്രം സ്റ്റോക്ക് ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) സി.പി.സി. വഴി ഗുണനിലവാരം ഉറപ്പാക്കിയാണ് മരുന്നുകൾ വാങ്ങുന്നത്. സി.പി.സി. വഴിയുള്ള മരുന്നുകളുടെ വിതരണം കാര്യക്ഷമമായ ഒരു സമ്പ്രദായമായി കണക്കാക്കുന്നു. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള സമ്പ്രദായം മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ"

151 (3080)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളിലായി ഏതെല്ലാം തസ്തികകളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്;

(ബി) ഇതിൽ വകുപ്പു മേധാവികളുടെ ഒഴിവുകൾ ഉണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 32 വകുപ്പുകളിലായി 49 ഡോക്ടർമാരുടെ ഒഴിവുകളുണ്ട്.

(ബി) ഉണ്ട്. രണ്ട് ഒഴിവുകൾ (ടി.ബി. ആന്റ് ചെസ്റ്റ് വിഭാഗത്തിൽ ഒരെണ്ണവും ന്യൂറോ വിഭാഗത്തിൽ മറ്റൊരെണ്ണം)

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly